Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

2364/എച്ച്/2010/കെ.എസ്.എച്ച്.ഒ. 09..03..2018

# സർക്കുലർ

വിഷയം:- കുടുംബശ്രീ - പാഷൻ ഫ്രൂട്ട് - വിവരശേഖരണം- മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

നിറയെ പോഷക സമ്പന്നമായ ഫലമാണ് പാഷൻ ഫ്രൂട്ട്. കേരളത്തിൽ പ്രാദേശികമായി വള്ളി ഓറഞ്ച്, വള്ളി നാരങ്ങ എന്നിങ്ങിനെ പല പേരുകളിലും പാഷൻ അറിയിപ്പെടുന്നു. മഞ്ഞ, മർപ്പിൾ നിറത്തിലുള്ള പാഷൻ ഫ്രൂട്ടുകളാണ് സാധാരണ കൃഷി ചെയ്തു വരുന്നത്. മികച്ച വരുമാനം ലഭ്യമാക്കുന്നതിന് സാധ്യമാകുന്ന ഈ കൃഷി രീതി കൂടുതൽ കുടുംബശ്രീ അംഗങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്തു വരുന്നു. അതിനാൽ നിലവിൽ ജില്ലകളിൽ കൃഷി ചെയ്തു വരുന്ന പാഷൻ ഫ്രൂട്ടിന്റെ വിവരങ്ങൾ മാർച്ച് 31 -ന് മുമ്പ് ലഭ്യമാക്കേണ്ടതുണ്ട്.

പാഷൻ ഫ്രൂട്ട് കൃഷിയുടെ പ്രാഥമിക വിവരങ്ങൾ ശേഖരിക്കുന്നതിന് താഴപറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1) നിലവിൽ കൃഷി ചെയ്യുന്ന യൂണിറ്റിന്റെ (കുറഞ്ഞത് 1 സെന്റ്) വിവരങ്ങൾ ശേഖരിക്കുക.
2) വിവരശേഖരണം എഡിഎസ് തലത്തിൽ നടത്തേണ്ടതാണ്.
3) എഡിഎസ് തലത്തിൽ ലഭ്യമാകുന്ന വിവരങ്ങൾ സിഡിഎസ് തലത്തിൽ ക്രോഡീകരിച്ച് ജില്ലാ മിഷന് സമർപ്പിക്കുകയും ആയത് ജില്ലാതല റിപ്പോർട്ടായി സംസ്ഥാന മിഷനിൽ ലഭ്യമാക്കുകയും വേണം.
4) ഡാറ്റാ ശേഖരിക്കുന്ന യൂണിറ്റിന്റെ വിവരങ്ങൾ കൃത്യമാണെന്ന് എഡിഎസ് ഉറപ്പുവരുത്തണം.

മുന്നൊരുക്കങ്ങൾ

1) ജില്ലാ മിഷൻ എകെഎസ്പി ടീമിന്റെ യോഗം വിളിച്ചു ചേർത്ത് പദ്ധതി വിശദമാക്കുക. നിലവിലുള്ള കുറഞ്ഞത് ഒരു സെന്റിലെങ്കിലും കൃഷി ചെയ്യുന്ന യൂണിറ്റുകളുടെ വിവരങ്ങളാണ് ശേഖരിക്കേണ്ടത്.
2) ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ സിഡിഎസ് തലത്തിൽ എഡിഎസ് സെക്രട്ടറി, പ്രസിഡന്റുമാരുടെ യോഗം വിളിച്ചുചേർത്ത് ലഭ്യമാക്കുന്ന വിവരങ്ങൾ (അനുബന്ധം-1) അറിയിക്കേണ്ടതാണ്.
3) എഡിഎസ് നൽകുന്ന വിവരങ്ങൾ സിഡിഎസ് തലത്തിൽ അക്കൗണ്ടന്റ് (അനുബന്ധം-2) ശേഖരിച്ച് ജില്ലാ മിഷനിൽ സമർപ്പിക്കേണ്ടതാണ്.

ജില്ലാ മിഷൻ ചുമതലകൾ



TRIDA Building, Medical College PO, Thiruvananthapuram 695011
Tel. (0471) 255 4714, 255 4715 Fax. (0471) 255 4717
info@kudumbashree.org www.kudumbashree.org

1) ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ സേവനം കൃത്യമായി ഉപയോഗപ്പെടുത്തുക.
2) സമയബന്ധിതമായി റിപ്പോർട്ട് സംസ്ഥാന മിഷനിൽ മാർച്ച 31 -ന് മുമ്പായി സമർപ്പിക്കുക. (അനുബന്ധം-3)

ബ്ലോക്ക് കോ-ഓർഡിനേറ്ററുടെ ചുമതല

1) ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ പരമാവധി അരദിവസത്തെ എഡിഎസ് സെക്രട്ടറി/ പ്രസിഡന്റ് മീറ്റിംഗ് വിളിച്ചു ചേർത്ത് പദ്ധതിയെക്കുറിച്ച് അറിയിക്കുക.
2) വിവരശേഖരണ പ്രവർത്തനം കൃത്യമായ മോണിറ്റർ ചെയ്യുക.
3) സിഡിഎസ്തല ക്രോഡീകരണ റിപ്പോർട്ട് മാർച്ച് 26-ന് മുമ്പായി ജില്ലാ മിഷനിൽ സമർപ്പിക്കുക.

സിഡിഎസ്സിന്റെ ചുമതല

1) ബ്ലോക്ക് കോ-ഓർഡിനേറ്റർമാർക്ക് ആവശ്യമായ സഹായം നൽകുക.
2) സിഡിഎസ് യോഗം മാർച്ച് 14-ന് മുമ്പായി വിളിച്ചു ചേർത്ത് ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ സഹായത്തോടെ പദ്ധതി വിശദമാക്കുക.
3) അക്കൗണ്ടന്റിനെകൊണ്ട് സിഡിഎസ്തല ക്രോഡീകരണം നടത്തുക.
4) വിവരശേഖരണം സമയബന്ധിതമായി പൂർത്തീകരിക്കുക.

പ്രോഗ്രാം ഓഫീസർ (അഗ്രി)
ഡയറക്ടർ (എ & എഫ്)ക്കുവേണ്ടി
കുടുംബശ്രീ

എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും
**പകർപ്പ്**
സ്റ്റോക്ക് ഫയൽ

**അനുബന്ധം–1**

1. സിഡിഎസ്സിന്റെ പേര്
2. വാർഡ് നമ്പർ
3. കർഷകന്റെ (ക) പേര്
4. വിലാസം, ഫോൺ
5. എത്ര സ്ഥലത്ത് കൃഷി ചെയ്യുന്നു.
6. ഇനം (പർപ്പിൾ/ മഞ്ഞ)

**അനുബന്ധം–2**

സിഡിഎസ്

വാർഡ്

| ക്രമ നം. | കർഷകന്റെ പേര് | മേൽവിലാസം, ഫോൺ നമ്പർ | കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ അളവ് | ഇനം (പർപ്പിൾ/ മഞ്ഞ) |
|---|---|---|---|---|
| | | | | |
| | | | | |

**അനുബന്ധം–3**

ജില്ലയുടെ പേര്

| ക്രമ നം. | സിഡിഎസ്സിന്റെ പേര് | യൂണിറ്റുകളുടെ എണ്ണം | കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ അളവ് | ഇനം (പർപ്പിൾ/ മഞ്ഞ) |
|---|---|---|---|---|
| | | | | |
| | | | | |